**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3064** | **25-10-2021 - ൽ മറുപടിയ്ക്ക്**

**ശ്രീ ശങ്കര പാലത്തിന് സമാന്തര പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മധ്യകേരളത്തിൽ പെരിയാറിന് കുറുകെ കാലടിയിൽ സ്ഥിതിചെയ്യുന്ന ശ്രീ ശങ്കര പാലത്തിന് സമാന്തര പാലം നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 12/8/2021 നിയമസഭാ മന്ദിരത്തിൽ ചേർന്ന യോഗത്തിൽ നേരിട്ടോ ഓൺലൈൻ ആയോ പങ്കെടുത്ത ആരെങ്കിലും എതിർപ്പ് രേഖപ്പെടുത്തിയിരുന്നോ; യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | എതിർപ്പ് രേഖപ്പെടുത്തിയിട്ടില്ല. യോഗത്തിന്റെ മിനിറ്റ്സ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പാലം യാഥാർത്ഥ്യമാകുന്നതിന് നാളിതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | 14/06/2021- പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ കാലടിപാലം സന്ദർശന- ത്തിനോട് അനുബന്ധിച്ച് പുതിയ പാലം നിർമ്മിക്കുന്നതിന്റെ സാധ്യതകളെകുറിച്ച് ചർച്ച ചെയ്യുന്നതിനായി 12/08/2021-ൽ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെയും അങ്കമാലി, പെരുമ്പാവൂർ, ആലുവ എം.എൽ.എ മാരുടെയും സാന്നിദ്ധ്യത്തിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് യോഗം ചേരുകയും നിലവിലുള്ള പാലം അപകടാവസ്ഥയിലാകാനുള്ള സാഹചര്യം പരിഗണിച്ചുകൊണ്ട്, നിലവിലുള്ള ഭരണാനു- മതി ഉപയോഗപ്പെടുത്തി സമാന്തരപാലം നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ച് സമാന്തര പാലത്തിന്റെ ഡിസൈൻ ലഭിക്കുന്നതിനുവേണ്ടി 31.08.2021-ന് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ചീഫ് എഞ്ചിനീയർ ബ്രിഡ്ജസ് മുഖാന്തിരം ചീഫ് എഞ്ചിനീയർ ഡിസൈൻ സമർപ്പിക്കുകയും ആയതിന് ടെൻഡേറ്റീവ് ഡിസൈൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഈ സമാന്തര പാലത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും ഇതിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നത് ഏത ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ? | (സി) | സ്ഥലമെടുപ്പ് നടപടികളും ടെൻഡർ നടപടികളും പൂർത്തിയാക്കാനുണ്ട്. സമാന്തരപാലം നിർമ്മിക്കുന്നതിനായി ടെൻഡേറ്റീവ് ഡിസൈൻ, ഡിസൈൻ വിഭാഗത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതിന്റെ സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിച്ച് അന്തിമ ഡിസൈൻ ലഭിച്ച് കഴിഞ്ഞാൽ മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

**<u>എറണാകുളം ജില്ലയിലെ കാലടി സമാന്തര പാലത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെയും, അങ്കമാലി, പെരുമ്പാവൂർ, ആലുവ എം.എൽ.എ മാരുടെയും സാന്നിദ്ധ്യത്തിൽ ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭയുടെ 5A കോൺഫറൻസ് ഹാളിൽ 12.08.2021 ന് നടന്ന യോഗത്തിന്റെ നടപടികുറിപ്പ്</u>**

യോഗം കൃത്യം 3.00 PM ന് ആരംഭിച്ചു

<u>പങ്കെടുത്തവർ</u>

1. ശ്രീ.എസ്.മനോമോഹൻ, ചീഫ് എഞ്ചിനീയർ, ബ്രിഡ്ജസ്

2. ശ്രീമതി. ഹൈജീൻ ആൽബർട്ട്, ചീഫ് എഞ്ചിനീയർ, ഡിസൈൻ

3.ശ്രീ . അജിത് കെ ജോസഫ്, അഡീഷണൽ സെക്രട്ടറി , പൊതുമരാമത്ത് വകുപ്പ്

4. ശ്രീ.തോമസ് ജോൺ, ജോയിന്റ് ഡയറക്ടർ, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

5.ശ്രീമതി. റെജിനാ ബീവി.എൻ.എ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബ്രിഡ്ജസ്, എറണാകുളം

6.ശ്രീ.പീയൂസ് വർഗ്ഗീസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബ്രിഡ്ജസ്, എറണാകുളം

യോഗാരംഭത്തിൽ ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി ആവശ്യപ്പെട്ടത് പ്രകാരം കാലടി സമാന്തര പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ വിശദീകരിച്ചു. കാലടി സമാന്തര പാലത്തിനു നിലവിൽ 4 2 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നും അതനുസരിച്ചു പ്രാരംഭ നടപടിയായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുകയും, അലൈൻമെന്റ് സ്കെച്ച് തയ്യാറാക്കിയിട്ടുണ്ടെന്നും അതിനാൽ പ്രവൃത്തി നടത്തുന്നതിന് തടസ്സങ്ങൾ ഒന്നും തന്നെ ഇല്ലായെന്നും അറിയിച്ചു. എന്നാൽ കാലടി ബൈപ്പാസ് യാഥാർഥ്യമാക്കണമെങ്കിൽ ഏകദേശം 7 ഏക്കർ ഭൂമി പദ്ധതിക്കായി ഏറ്റെടുക്കേണ്ടതുണ്ടെന്നും, കൂടാതെ തണ്ണീർത്തടത്തിൽ വരുന്ന ഭൂമി ആയതിനാൽ അതിനുള്ള അനുമതിയും, പാരിസ്ഥിതിക പഠനവും, ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കണമെന്നും ആയതിനു കാലതാമസം നേരിടുമെന്നും ചീഫ് എഞ്ചിനീയർ യോഗത്തെ അറിയിച്ചു. തുടർന്ന് സംസാരിച്ച ബഹു. അങ്കമാലി എം.എൽ.എ ഇവിടെ കാലടി സമാന്തര പാലത്തിന്റെ നിർമാണം കൊണ്ട് മാത്രം കാലടിയിലെ ഗതാഗതകുരുക്കിന് പരിഹാരം ഉണ്ടാക്കാൻ കഴിയുകയില്ലായെന്നും, സമാന്തരപാലം നിർമ്മിക്കുന്നതോടൊപ്പം നിലവിലെ കാലടി പാലം പുനർനിർമ്മാണം ചെയ്തു ഗതാഗതത്തിനായി ഉപയോഗിക്കണമെന്നും, അതെ സമയം തന്നെ മറ്റൊരു പാലം കൂടെ ഉൾപ്പെട്ട കാലടി ബൈപ്പാസിന്റെ നിർമ്മാണത്തിനു ഭരണാനുമതി നൽകി, ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രാരംഭ നടപടികൾ ആരംഭിക്കണമെന്നും ആവശ്യപ്പെട്ടു. ഇതേ അഭിപ്രായത്തോടു ബഹു. വ്യവസായ വകുപ്പ് മന്ത്രി യോജിക്കുകയും, തുടർന്ന് സംസാരിച്ച ബഹു പെരുമ്പാവൂർ, ആലുവ എം.എൽ.എ മാർ ഏറ്റെടുക്കേണ്ട കുറച്ചു ഭൂമി കൂടെ ഏറ്റെടുത്തു ഭരണാനുമതി ലഭിച്ച സമാന്തരപാലം പണി ഉടനെ തുടങ്ങണം എന്നും അതിനോടൊപ്പം ബൈപ്പാസിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കണമെന്നും അഭിപ്രായപ്പെട്ടു. വീഡിയോ കോൺഫറൻസ് വഴി ആ പ്രദേശത്തെ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു അവരുടെ അഭിപ്രായം രേഖപ്പെടുത്തി.

ബൈപ്പാസ് നിർമ്മാണത്തോടൊപ്പം സമാന്തരപാലം നിർമ്മാണം നടത്തിയാൽ കാലതാമസം ഉണ്ടാകാനിടയുള്ളതിനാൽ ആദ്യം ഭരണാനുമതി ലഭിച്ച കാലടി സമാന്തര പാലം പ്രവൃത്തി ആരംഭിക്കുന്നതോടൊപ്പം, കിഫ്ബിയിലോ സംസ്ഥാന ബഡ്ജറ്റിലോ ഉൾപ്പെടുത്തി കാലടി ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള തുക കണ്ടെത്താൻ ശ്രമിക്കണം  എന്നും ബഹു. വ്യവസായ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. തുടർന്ന് നടന്ന വിശദമായ ചർച്ചക്ക് ശേഷം ചുവടെ പറയുന്ന തീരുമാനം കൈകൊണ്ടു

**തീരുമാനം**

1.നിലവിലെ ഭരണാനുമതി അനുസരിച്ച് കാലടി സമാന്തര പാലത്തിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുക.

2.അതോടൊപ്പം കാലടി ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടി ക്രമങ്ങൾ ആരംഭിക്കുക.

യോഗം 3.30 അവസാനിച്ചു

P A Mohamed Riyas
Minister